1. വൈജ്ഞാനിക മേഖലയിൽ ദേശീയ വിദ്യാഭ്യാസ നയം നിർണായക ചുവടുവയ്പ്പെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ. ന്യൂഡൽഹിയിൽ അന്താരാഷ്ട്ര സാക്ഷരതാ ദിനാചരണ പരിപാടിയെ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്തു.

2. കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട പാത നിർമ്മാണം രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കുമെന്ന് മന്ത്രി പി രാജീവ്.

3. തിരുവനന്തപുരം നഗരത്തിലെ ജലവിതരണ പ്രതിസന്ധി തുടരുന്നു. ഇന്ന് വൈകുന്നേരത്തോടെ ജലവിതരണം പൂർണമായി പുനഃസ്ഥാപിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ.

4. സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

5. പാരീസ് പാരാലിമ്പിക്സിന് ഇന്ന് സമാപനം. യുഎസ് ഓപ്പൺ പുരുഷ സിംഗിൾസ് ഫൈനൽ ഇന്ന്.

************************************************************
************************************************

RNU TVPM

## ഹെഡ്‌ലൈൻ-1

**സാക്ഷരതാ ദിനം**

ഇന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം. ദിനാചരണത്തിന്റെ ഭാഗമായി രാജ്യമെമ്പാടും വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. ബഹുഭാഷാ പാണ്ഡിത്യത്തിലൂടെ സാക്ഷരതയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇത്തവണത്തെ പ്രമേയം. ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന സാക്ഷരതാ ദിനാചരണത്തെ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അഭിസംബോധന ചെയ്തു. ഒരു വ്യക്തിയെ എങ്കിലും അറിവ് നേടാൻ സഹായിക്കുമെന്ന് നാമോരോരുത്തരും പ്രതിജ്ഞയെടുക്കണമെന്ന് ഉപരാഷ്ട്രപതി ആഹ്വാനം ചെയ്തു. വൈജ്ഞാനിക മേഖലയിൽ ദേശീയ വിദ്യാഭ്യാസ നയം ഒരു നിർണായക ചുവടുവയ്പ്പാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. യുവാക്കളുടെ കഴിവും ഊർജ്ജവും പരമാവധി ഉപയോഗപ്പെടുത്താൻ കഴിയും വിധമാണ് ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചിരിക്കുന്നതെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി.

******************************************

## ഹെഡ്‌ലൈൻ-2

**കൊച്ചി മെട്രോ**

കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിലെ വയഡക്റ്റ് നിർമാണത്തിന്റെ ഭാഗമായി പൈലിങ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മന്ത്രി പി രാജീവ് നിർവഹിച്ചു. ഹൈബി ഈഡൻ എംപി സന്നിഹിതനായിരുന്നു. 1,927 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന രണ്ടാം ഘട്ടത്തിൽ, 11.2 കിലോമീറ്റർ പാത രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി അറിയിച്ചു. ജെഎൽഎൻ സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയായിരിക്കും മെട്രോ ദീർഘിപ്പിക്കുക. മെട്രോയുടെ പിങ്ക് ലൈൻ പദ്ധതി കൊച്ചി

RNU TVPM

ഇൻഫോപാർക്കിലും മറ്റും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഏറെ പ്രയോജനമാകുമെന്നും മന്ത്രി പറഞ്ഞു.

*******************************************

## ഹെഡ്‌ലൈൻ-3എ

### തിരുവനന്തപുരം-ജല വിതരണം

തിരുവനന്തപുരം നഗരത്തിലെ ജലവിതരണ പ്രതിസന്ധി തുടരുന്നു. നഗരത്തിലെ നിരവധി പ്രദേശങ്ങളിൽ കുടിവെള്ളം ലഭിക്കാത്തതിനാൽ ജനങ്ങൾ ഏറെ ദുരിതത്തിലാണ്. തിരുവനന്തപുരം - കന്യാകുമാരി റയിൽവേപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായാണ് നഗരത്തിലെ വിവിധ വാർഡുകളിൽ ജലവിതരണം നിർത്തിവച്ചത്. വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാനുള്ള ശ്രമം തുടരുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്......**

(വോയിസ്)

RNUTVPM

*******************************************

## ഹെഡ്‌ലൈൻ-3ബി

### മന്ത്രി റോഷി അഗസ്റ്റിൻ

ഇന്ന് വൈകുന്നേരത്തോടു കൂടി തിരുവനന്തപുരം നഗരത്തിൽ ജലവിതരണം പൂർണമായി പുനഃസ്ഥാപിക്കാൻ കഴിയുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. ചില സാങ്കേതിക കാരണങ്ങളാലാണ് ജല അതോറിറ്റിയുടെ പൈപ്പ് മാറ്റി വയ്ക്കുന്ന പ്രവർത്തി വൈകിയതെന്നും ജനങ്ങൾക്ക് നേരിട്ട ബുദ്ധിമുട്ടിൽ ഖേദമുണ്ടെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

*******************************************

## എഡിജിപി

എഡിജിപി അജിത്കുമാർ, RSS നേതാവുമായി കൂടിക്കാഴ്ച നടത്തിയെന്ന ആരോപണവുമായി CPM നെ ബന്ധിപ്പിക്കാൻ നോക്കേണ്ടെന്ന് CPIM സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ. തൃശൂരിൽ ചോർന്നത് യുഡിഎഫ് വോട്ടുകളാണ് എന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ രാഷ്ട്രീയ ദൂതുമായാണ് എ.ഡി.ജി.പി ആർ.എസ്.എസ് നേതാവിനെ സന്ദർശിച്ചതെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശൻ ആരോപിച്ചു. ന്യൂനപക്ഷ അവകാശങ്ങൾ പാടില്ലെന്നും അതിൽ പുനർവിചിന്തനം നടത്തണമെന്നും ആവശ്യപ്പെട്ട ആർ.എസ്.എസ് നേതാവിനെ കാണാനാണ് മുഖ്യമന്ത്രി എ.ഡി.ജി.പിയെ വിട്ടതെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. ഇതിന്റെയെല്ലാം തുടർച്ചയാണ് തൃശൂരിൽ ബി.ജെ.പിക്കുണ്ടായ അട്ടിമറി വിജയമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അതേസമയം വിഷയത്തിൽ മുഖ്യമന്ത്രി മറുപടി പറയണമെന്ന് പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടു.

RNUTVPM

*******************************************

## കെ. സുരേന്ദ്രൻ

സംസ്ഥാനത്ത് എൽഡിഎഫും യുഡിഎഫും തമ്മിൽ രാഷ്ട്രീയ അന്തർധാരയെന്ന് ബി. ജെ. പി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ ആരോപിച്ചു. വിജയ സാധ്യത ഉണ്ടായിരുന്ന വടകരയിൽ നിന്ന് മുരളീധരനെ തൃശൂരിലേക്ക് മാറ്റിയത് മനഃപൂർവമായിരുന്നെന്നും അദ്ദേഹം പറഞ്ഞു. തൃശൂർ പൂരവുമായി ബന്ധപ്പെട്ട് ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും സുരേന്ദ്രൻ മാധ്യമങ്ങളോട് വ്യക്തമാക്കി.

*******************************************

## തിരുവനന്തപുരം വിമാനത്താവളം-പണിമുടക്ക്

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ കരാർ ജീവനക്കാരുടെ പണിമുടക്ക് തുടരുന്നു. അന്താരാഷ്ട്ര വിമാന സർവീസുകളെ സമരം ബാധിച്ചു. യാത്രക്കാർക്ക് ബാഗേജ് ലഭിക്കുന്നതിലും കാലതാമസം നേരിടുന്നുണ്ട്. കാർഗോ നീക്കവും പ്രതിസന്ധിയിലാണ്. അതേസമയം ആഭ്യന്തര സർവീസുകളെ സമരം ബാധിച്ചിട്ടില്ല. ശമ്പള പരിഷ്കരണം നടപ്പാക്കുക, ബോണസ് നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് എയർ ഇന്ത്യ സാറ്റ്സിലെ കരാർ തൊഴിലാളികൾ അനിശ്ചിതകാല പണിമുടക്ക് തുടങ്ങിയത്. കേന്ദ്ര ലേബർ കമ്മീഷണരുടെ സാന്നിധ്യത്തിൽ നിരവധി വട്ടം ചർച്ച നടന്നെങ്കിലും ശമ്പള പരിഷ്കരണം നടത്താനോ ബോണസ് തീരുമാനിക്കാനോ മാനേജ്മെന്റ് തയ്യാറായിരുന്നില്ല. ഇതേതുടർന്നാണ് സംയുക്ത തൊഴിലാളി യൂണിയനുകളുടെ നേതൃത്വത്തിൽ ഇന്നലെ രാത്രി 10 മുതൽ സമരം ആരംഭിച്ചത്.

RNU TVPM

*******************************************

## കാർബൺ ന്യൂട്രൽ അനന്തപുരി

തിരുവനന്തപുരം നഗരസഭ വാങ്ങി നൽകിയ KSRTC വൈദ്യുതി ബസുകൾ കരാർ ലംഘിച്ച് സർവീസ് നടത്തിയതായി പരാതി. നഗരത്തിലെ അന്തരീക്ഷമലിനീകരണ തോത് കുറക്കാനും കുറഞ്ഞ നിരക്കിൽ ഫലപ്രദമായ പൊതുഗതാഗതസൗകര്യം ഒരുക്കുന്നതിനും ലക്ഷ്യമിട്ടാണ് നഗരസഭ KSRTC യുമായി കരാറിൽ ഏർപ്പെട്ടത്. നഗരപരിധി വിട്ട് സമീപ ജില്ലയിലേക്ക് വരെ ബസുകൾ സർവീസ് നടത്തിയതായി GPS പരിശോധനയിൽ കണ്ടെത്തി. ഇത് സംബന്ധിച്ച് നഗരസഭ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് പരാതി നൽകി.

തിരുവനന്തപുരം നഗരസഭ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 115 വൈദ്യുതി ബസുകളാണ് വാങ്ങി നൽകിയത്.

******************************************

## ബേപ്പൂർ ടൂറിസം ലോഗൊ

കേന്ദ്ര സർക്കാറിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട ബേപ്പൂർ മണ്ഡലത്തിന്റെ ടൂറിസം ലോഗോ മന്ത്രി പി എ മുഹമ്മദ് റിയാസ് പ്രകാശനം ചെയ്തു. കോഴിക്കോടിന്റെ വാണിജ്യ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന ഉരുവും നാവിക ചരിത്രം പറയുന്ന ലൈറ്റ് ഹൗസും ഉൾപ്പെടുത്തിയാണ് ലോഗോ തയ്യാറാക്കിയിരിക്കുന്നത്. വിനോദസഞ്ചാരവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ടൂറിസം സേവനങ്ങളുടെ വികസനവും ഉൾപ്പെടുന്ന സുസ്ഥിര വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള സ്വദേശ് ദർശൻ പദ്ധതിയിലാണ് ബേപ്പൂർ നിയോജക മണ്ഡലത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്.

******************************************

## സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിങ് (ഇൻട്രോ)

സുസ്ഥിര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുകയും ലോകനിലവാരത്തിലുള്ള ശുചിത്വം ഉറപ്പു വരുത്തുന്നതും ലക്ഷ്യമിട്ടുള്ള 'സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിങ്' ഇടുക്കിയിൽ ആദ്യ ഘട്ടം പൂർത്തിയാക്കി. ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോം സ്റ്റേകൾ തുടങ്ങി അഞ്ചോ അതിലധികമോ മുറികൾ താമസിക്കാൻ വാടകയ്ക്ക് നൽകുന്ന സ്ഥാപനങ്ങൾക്കാണ് സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിങ് നൽകുന്നത്. സഞ്ചാരികൾക്ക് താമസിക്കാനുള്ള ഇടങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ ഇതുവരെ 41 സ്ഥാപനങ്ങൾക്കാണ് റേറ്റിങ് നൽകിയത്.

RNU TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....

(വോയിസ്)

******************************************

എച്ച് 1 എൻ 1

കാസർഗോഡ് ജില്ലയിൽ H1N1 രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ, ഇത്തരം പനികൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. പൊതു ഇടങ്ങളിൽ ആളുകൾ മാസ്ക് ധരിക്കണമെന്നും രോഗലക്ഷണമുള്ളവർ ആരോഗ്യ പ്രവർത്തകരെ അറിയിക്കുകയും ഡോക്ടറെ കാണുകയും ചെയ്യണമെന്നും മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടു.

******************************************

നവജാത ശിശു-തൃശ്ശൂർ

തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ നവജാത ശിശുവിന്റെ മൃതദേഹം ബാഗിലാക്കി ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. ഇന്ന് രാവിലെ റെയിൽവേ പ്ലാറ്റ്ഫോമുകൾക്കിടയിലെ മേൽപ്പാലത്തിലാണ് മൃതദേഹം കണ്ടെത്തിയത്. ഉടൻതന്നെ റെയിൽവേ പോലീസിൽ വിവരമറിയിച്ചു. മൃതദേഹം പോലീസ് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. സംഭവവുമായി ബന്ധപ്പെട്ട സിസിടിവി ദൃശ്യങ്ങൾ അടക്കം പോലീസ് പരിശോധിച്ചു വരികയാണ്.

******************************************

ഹെഡ്ലൈൻ-5എ

പാരാലിമ്പിക്സ്

RNU TVPM

പാരീസിൽ നടക്കുന്ന പാരാലിമ്പിക്സ് കായിക മേളയ്ക്ക് ഇന്ന് സമാപനമാകും. അവസാന ദിനമായ ഇന്ന് വനിതകളുടെ കയാക് 200 മീറ്റർ KL1 സിംഗിൾസ് സെമിയിൽ ഇന്ത്യയുടെ പൂജ ഓജ മത്സരിക്കും. ഇന്നലെ രണ്ടു മെഡലുകൾ കൂടി ഇന്ത്യൻ താരങ്ങൾ സ്വന്തമാക്കി. പുരുഷന്മാരുടെ ജാവലിൻ ത്രോ F41 ഇനത്തിൽ നവദീപ് സിങ് സ്വർണം നേടി. വനിതകളുടെ 200 മീറ്റർ T12 ൽ ഇന്ത്യൻ താരം സിമ്രാൻ ശർമ്മ വെങ്കലം സ്വന്തമാക്കി. 9 സ്വർണം അടക്കം 29 മെഡലുകളുമായി പട്ടികയിൽ 16 -ാമതാണ് ഇന്ത്യ.

*****************************************

## ഹെഡ്ലൈൻ-5ബി

### യു എസ് ഓപ്പൺ

യുഎസ് ഓപ്പൺ വനിതാ കിരീടം ബെലാറസ് താരം അരീന സബലങ്കയ്ക്ക്. ഇത് താരത്തിന്റെ മൂന്നാമത്തെ ഗ്രാൻഡ് സ്ലാം കിരീടമാണ്. ഇന്ന് രാത്രി നടക്കുന്ന പുരുഷ സിംഗിൾസ് ഫൈനലിൽ ലോക ഒന്നാം നമ്പർ താരം യാനിക് സിന്നെർ, ടെയ്‌ലർ ഫ്രിറ്റ്സ് മായി ഏറ്റുമുട്ടും.

RIJUTVPM

*****************************************

## ഹെഡ്ലൈൻ-4

### മഴ

സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. നാളെ ഏഴു ജില്ലകളിലാണ് മഞ്ഞ ജാഗ്രത. തെക്കൻ ജില്ലകളിലും ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു.

*****************************************

## ഗണേശ ചതുർത്ഥി-ലക്ഷദ്വീപ്

ഗണേശ ചതുർത്ഥിയുടെ ഭാഗമായി ലക്ഷദ്വീപിൽ ഇന്നലെ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തി ദ്വീപിലെ മഹാദേവ ക്ഷേത്രത്തിൽ പ്രത്യേക പൂജ നടന്നു. നിരവധി പേർ പൂജകളിലും തുടർന്ന് നടന്ന അന്നദാന ചടങ്ങിലും പങ്കെടുത്തു.

*

*******************

***********************************************

RNU TVPM